## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3563 12.12.2014-ലെ മറുപടിയ്ക്ക്

### ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ റോഡുകളുടെ പുനരുദ്ധാരണം

| | ചോദ്യം<br><br>ശ്രീ.പി.തിലോത്തമൻ | | മറുപടി<br><br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെട്ട 9 റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്ക് 16.07.2014-ൽ ഭരണാനുമതി ലഭിച്ച് 4 മാസങ്ങൾ കഴിഞ്ഞിട്ടും LSGD ചീഫ് എൻജിനീയർ പൊതുമരാമത്ത് വകുപ്പിന് ഫണ്ട് മാറി നൽകാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16.09.2014-ലെ അപേക്ഷയിൽ 03.06.2014-ലെ സർക്കുലർ നം.54/2014/ ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ സമർപ്പിക്കാത്തതിനാലാണ് പൊതുമരാമത്ത് വകുപ്പിലേക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായത്. |
| (ബി) | ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ട പ്രസ്തുത ജോലികൾക്കുള്ള ഫണ്ടിനു വേണ്ടി റിക്വിസിഷൻ അപേക്ഷയും അനുബന്ധ രേഖകളും D1 1518/2014 തീയതി : 16.09.2014 ആയി LSGD ചീഫ് എൻജിനീയർക്ക് അയച്ചിരുന്നിട്ടും യാതൊരു നടപടിയും ആകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | 03.06.2014-ലെ സർക്കുലർ നം. 54/2014/ഫിൻ-ൽ പ്രതിപാദിക്കുന്ന രേഖകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാകാൻ കാലതാമസം നേരിട്ടതിനാലാണ് നടപടി സ്വീകരിക്കാൻ വൈകിയത്. |

| | | | |
|---|---|---|---|
| (സി) | ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പ്രസ്തുത ഫയൽ വച്ചു താമസിപ്പിച്ചത് ആരുടെ നടപടിയാണെന്നു വ്യക്തമാക്കുമോ; | (സി) | ഫണ്ട് കൈമാറുന്നതിനുള്ള അനുബന്ധ രേഖകൾ ഇല്ലാതിരുന്നതിനാലാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ടി വിഷയത്തിൽ നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായത്. ഇതിൽ മനഃപൂർവ്വമായ വീഴ്ച തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഉണ്ടായിട്ടില്ല. |
| (ഡി) | ചേർത്തലയുടെ വികസന പ്രവർത്തനങ്ങളിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നിയമ നടപടി സ്വീകരിക്കുമോ? | (ഡി) | ടി വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും മനഃപൂർവ്വമായ കാലതാമസം ഉണ്ടാകാത്തതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ